# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7227 — 11/07/2014 -ൽ മറുപടിക്ക്

**ആധാരങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ ആക്കുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>,, വി.പി.സജീന്ദ്രൻ<br>,, ലൂഡി ലൂയിസ്<br>,, പി.സി.വിഷ്ണുനാഥ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാരങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ ആക്കുന്ന പദ്ധതിക്ക് ഏതെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | എ) കേന്ദ്രാവിഷ്കൃത പരിപാടിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 25% കേന്ദ്ര വിഹിതം വിനിയോഗിച്ചാണ് ആധാരങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ ആക്കുന്ന പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ? | ബി) 2010 മുതൽ 2014 വരെയുള്ള കാലയളവിൽ 690.99 ലക്ഷം രൂപ കേന്ദ്രവിഹിതമായി ലഭിച്ചതിൽ 573.89 ലക്ഷം രൂപ വിനിയോഗിക്കുകയുണ്ടായി. രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ്, ഡേറ്റാ എൻട്രി എന്നിവയാണ് ഈ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നത്. മൂന്ന് ജില്ലകളിൽ ഡേറ്റാ എൻട്രിയും, ഏഴ് സബ് രജിസ്ട്രാർ ഓഫീസുകളിൽ സ്കാനിംഗും പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.